**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1696** **11-10-2024 - ൽ മറുപടിയ്ക്ക്**

**വിദൂര വിദ്യാഭ്യാസ പഠന വകുപ്പിൽ നിയമിച്ചിരുന്ന അധ്യാപ- അനധ്യാപകരെ മാറ്റി നിയമിക്കുന്ന നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിച്ചതിനെ തുടർന്ന് നിർത്തലാക്കിയ കേരള സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ പഠന വകുപ്പിൽ നിയമിച്ചിരുന്ന അധ്യാപകരെയും അനധ്യാപകരെയും സർവ്വകലാശാലയിൽ തന്നെ തുടർന്ന് പ്രവർത്തിക്കാൻ അനുവദിച്ചോ; എത്ര അധ്യാപകരെയാണ് പഠന വകുപ്പുകളിലേക്ക് മാറ്റി നിയമിച്ചത്; വ്യക്തമാക്കാമോ; | (എ) | അനുവദിച്ചിട്ടുണ്ട്. 18 അധ്യാപകരെ മറ്റു പഠന വകുപ്പുകളിലേക്ക് മാറ്റി നിയമിച്ചു. |
| (ബി) | സർവ്വകലാശാലയുടെ പഠന വകുപ്പുകളിൽ അധികമായി നിയമിക്കുന്നതിന് സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചിരുന്നോ; പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല. |
| (സി) | സ്ഥിരം അധ്യാപകരില്ലാത്ത ഓപ്പൺ സർവകലാശാലയിലേക്ക് കേരള സർവകലാശാലയിലെ ടി അധിക അധ്യാപകരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നത് ഓപ്പൺ സർവകലാശാലയ്ക്ക് കൂടുതൽ പ്രയോജനപ്രദമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | കേരള സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ പഠന വകുപ്പിൽ നിയമിച്ചിരുന്ന അധ്യാപകരെ സർവകലാശാലയുടെ മറ്റു പഠനവകുപ്പുകളിൽ സ്ഥിരം അധ്യാപകരുടെ കുറവുണ്ടായിരുന്ന സാഹചര്യത്തിൽ ടി കുറവ് നികത്തുന്നതിലേക്കായി മാറ്റി നിയമിച്ചതിനാൽ സർവകലാശാലയിൽ അധിക അധ്യാപകരില്ല. |

സെക്ഷൻ ഓഫീസർ